(ബി) മരുന്നു കമ്പനികളെ വഴിവിട്ട് സഹായിക്കുന്നതിന്റെ ഭാഗമായാണ് ഈ ക്യാമ്പയിനുകൾ നടത്തുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലായെങ്കിൽ പ്രസ്തുത ആരോപണം വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അയൽ രാജ്യങ്ങൾ ഇപ്പോഴും പോളിയോ വിമുക്തമായിട്ടില്ല. പോളിയോ വിമുക്തമാകാത്ത രാജ്യങ്ങളിൽനിന്നും സന്ദർശകർവഴി നമ്മുടെ സംസ്ഥാനത്ത് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ ആഗോള വ്യാപകമായി പോളിയോ നിർമ്മാർജ്ജനം നടപ്പിലാകുമ്പോൾമാത്രമേ നമ്മുടെ സംസ്ഥാനത്തും ഈ പരിപാടി നിർത്തലാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കാരുണ്യ ഫാർമസി ഔട്ട് ലെറ്റുകൾ

56 (2607) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കാരുണ്യ ഫാർമസി ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നൂറ് ദിവസത്തിനുള്ളിൽ പുതുതായി എത്ര കാരുണ്യാ ഫാർമസികൾ പ്രവർത്തനമാരംഭിക്കും ;

(സി) കാരുണ്യ ഫാർമസികൾ എല്ലാ താലൂക്കാശുപത്രികളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 26 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. മറ്റുള്ളവയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽസൂചിപ്പിച്ച 35 ഫാർമസികളുടെ പ്രവർത്തനം ആരംഭിച്ചതിനുശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്.

ആലപ്പാട് സർക്കാർ ആരോഗ്യകേന്ദ്രത്തിന്റെ പരാധീനതകൾക്ക് പരിഹാരം

57 (2608) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ ആലപ്പാട് സർക്കാർ ആരോഗ്യകേന്ദ്രത്തിന്റെ പരാധീനതകൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ജനങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം, മരുന്നുകളുടെ ലഭ്യത, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ മതിയായ വിധത്തിൽ നിർവ്വഹിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) നാട്ടിക മണ്ഡലത്തിലെ ആലപ്പാട് സർക്കാർ ആരോഗ്യകേന്ദ്രത്തിന്റെ പരാധീനതകൾക്ക് പരിഹാരം കാണുന്നതിനായി ജനങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാത്രികാല ചികിത്സയ്ക്കും കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനുമായാണ് പ്രക്ഷോഭങ്ങൾ നടന്നിട്ടുള്ളത്. ഡോക്ടർമാരുടെ അഭാവംമൂലം 30-9-2014-നുശേഷം കിടത്തി ചികിത്സ നടന്നിട്ടില്ല. പ്രസ്തുത ആശുപത്രിയിൽ 2 സിവിൽ സർജന്മാരുടെയും 3 അസിസ്റ്റന്റ് സർജന്മാരുടെയും അടക്കം ഡോക്ടർമാരുടെ 5 തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ 2 സിവിൽ സർജൻ തസ്തികയും ഒരു അസിസ്റ്റന്റ് സർജൻ തസ്തികയും ഒഴിഞ്ഞു കിടക്കുകയാണ്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. നിയമന ശിപാർശ ലഭിച്ചിട്ടില്ല. സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ 3 ഒഴിവുകളുള്ളതിനാൽ അവശ്യസേവനം ഉറപ്പ് വരുത്തുന്നതിനായി 2 ഡോക്ടർമാരെ അഡ്ഹോക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത ആശുപത്രിയിലേക്ക് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly